# നീര ഉൽപാദനം: നാളികേര കർഷകർ പ്രക്ഷോഭത്തിലേക്ക്

കൊച്ചി ● നീര ഉൽപാദകരായ നാളികേര കർഷകർക്കു നൽകിയ വാഗ്ദാനങ്ങൾ സർക്കാർ ലംഘിക്കുകയാണെന്ന് ആരോപിച്ചു നാളികേര കർഷകർ പ്രക്ഷോഭത്തിലേക്ക്. നാളികേര വികസന ബോർഡിനു കീഴിലെ ഉൽപാദക കമ്പനികളുടെ കൂട്ടായ്മയായ കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരളയുടെ നേതൃത്വത്തിലാണ് പ്രക്ഷോഭം. 11 നു കലക്ടറേറ്റ് ധർണയും 18 മുതൽ സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരവും സംഘടിപ്പിക്കുമെന്നു കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ പറഞ്ഞു. നീര സംഭരണത്തിനും സംസ്കരണത്തിനുമായി 2013-14 ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ ഗ്രാന്റ്, പ്ലാന്റ് നിർമാണം പൂർത്തിയാക്കുന്ന മുറയ്ക്കു കമ്പനികൾക്കു കൈമാറുമെന്നായിരുന്നു സർക്കാരിന്റെ ആദ്യ വാഗ്ദാനം. പിന്നീട്, മാർച്ച് 30 നുള്ളിൽ നൽകുമെന്നു പ്രഖ്യാപിച്ചു. വാഗ്ദാനം ലംഘിച്ചതോടെ തുക ലാപ്സായി. ഈ സാഹചര്യത്തിലാണ് പ്രക്ഷോഭം. 2014-15 വർഷത്തെ ബജറ്റിൽ നീക്കിവച്ച 30 കോടി ഉൽപാദക കമ്പനികൾക്കു കൈമാറുക, അപേക്ഷിച്ച മുഴുവൻ ഫെഡറേഷനുകൾക്കും നീര ലൈസൻസ് നൽകുക തുടങ്ങിയ ആവശ്യങ്ങളും ഉന്നയിക്കുന്നതായി ഷാജഹാൻ പറഞ്ഞു.